# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2520

09/03/2017-ൽ മറുപടിയ്ക്ക്.

### ജില്ലാ ക്ഷീരവികസന യൂണിറ്റ് ഓഫീസിലെ തസ്തികകളുടെ പുന:സ്ഥാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ക്ഷീരവികസന യൂണിറ്റ് ഓഫീസിലെ ഏതെങ്കിലും തസ്തിക തലശ്ശേരി ക്ഷീരവികസന ഓഫീസിലേയ്ക്ക് മാറ്റിയിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട് . ഓഫീസ് അറ്റൻഡന്റ് തസ്തിക. 01/03/1992 മുതൽ കാസർഗോഡ് ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റിലെ ശിപായി തസ്തിക കണ്ണൂർ ജില്ലയിലെ തലശ്ശേരി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) ഇങ്ങനെ മാറ്റാനുണ്ടായ പ്രത്യേക കാരണം എന്താണെന്ന് വിശദമാക്കാമോ ; | (ബി) ഭരണപരമായ സൗകര്യാർത്ഥമാണ് തസ്തിക മാറ്റി സ്ഥാപിച്ചത് . |
| (സി) ഒരു ജീവനക്കാരന്റെ സ്വകാര്യ താല്പര്യത്തിന്റെ പേരിൽ അദ്ദേഹത്തെ സ്വന്തം ജില്ലയിലേയ്ക്ക് തസ്തിക മാറ്റി കൊണ്ടുപോകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയത് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) കാസർഗോഡ് ജില്ലാ ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ നിന്നും മാറ്റിക്കൊണ്ടു പോയ തസ്തിക തിരികെ പുനസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ ? | (ഡി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.